ആളുകളെ പിരിച്ചുവിടുകയുണ്ടായി. ഇപ്പോഴും അവിടെ നിൽക്കുന്ന മരം വെട്ടിയാൽ അതിൽ നിന്ന് ഈ എസ്റ്റേറ്റിന് നിലനിർത്താനാവശ്യമായ വരുമാനം കിട്ടുന്നില്ലെന്നാണ് മാനേജ്മെന്റിന്റെ അഭിപ്രായം. അതുകൊണ്ട് ഈ മരം നിർത്തിക്കൊണ്ട്, വെട്ട് തുടർന്നുകൊണ്ട് പോകുന്നത് വിഷമമാണെന്നാണ് അവരുടെ നിലപാട്. ആ പ്രശ്നം പരിഹരിക്കാൻ വളരെ എഫക്ടീവായിട്ടുള്ള കൺസിലിയേഷൻ നടപടികളും നടത്തിക്കൊണ്ടിരിക്കുകയാണ്.

(15) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തിക

ശ്രീ. കെ. സി. ജോസഫ്: സർ, ഈ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ നിരവധി ടീച്ചിംഗ് തസ്തികകളും ഒഴിഞ്ഞുകിടക്കുകയാണ്. ബിരുദാനന്തര കോഴ്സുകളുള്ള കോട്ടയം, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ പോലും സർജറി ഡിപ്പാർട്ട്മെന്റ് അടക്കമുള്ള പല പ്രധാനപ്പെട്ട ഡിപ്പാർട്ടുമെന്റുകളിലും നിരവധി മാസങ്ങളായി ഈ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇത് ബിരുദാനന്തര വിദ്യാഭ്യാസത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. കോടതിയുടെ തടസ്സമുണ്ടെന്നാണ് ഗവണ്മെന്റ് ആദ്യമായി പറയുന്നത്, ആ തടസ്സം മാറിക്കഴിഞ്ഞു. കേരളത്തിന്റെ മെഡിക്കൽ വിദ്യാഭ്യാസത്തെ ഗൗരവമായി ബാധിക്കുന്ന ഈ പ്രശ്നം പരിഹരിക്കാനും തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം എന്നീ മെഡിക്കൽ കോളേജുകളിൽ സർജറി ഡിപ്പാർട്ട്മെന്റിലെ ടീച്ചിംഗ് പോസ്റ്റുകളിൽ ആളുകളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സർജറി ഡയറക്ടർമാരുടെ പോസ്റ്റുകളിലേക്ക് നിയമിക്കാൻ ക്വാളിഫൈഡ് ആയിട്ടുള്ള ആളുകളില്ല. അതുകൊണ്ട് ഈ പോസ്റ്റ്, പ്രൊഫസർ പോസ്റ്റായിട്ട് താൽക്കാലികമായിട്ട് നിലനിർത്താമെന്ന് കരുതി നടപടികൾ സ്വീകരിച്ചുവരുമ്പോഴാണ് കോടതി അത് സ്റ്റേ ചെയ്തത്. ആ സ്റ്റേ വെക്കേറ്റ് ചെയ്ത് നടപടി സ്വീകരിച്ച അവസരത്തിൽ അതിനെ ചോദ്യംചെയ്തുകൊണ്ട് മറ്റൊരു സ്റ്റേ വന്നതുകൊണ്ട് തൽക്കാലം അത് നടപ്പിലാക്കാൻ നിവർത്തിയില്ലാതെ വന്നിരിക്കുകയാണ്. സ്റ്റേ വെക്കേറ്റു ചെയ്തു കഴിഞ്ഞാൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാം.

(16) ആറാട്ടുപുഴ പഞ്ചായത്തിലെ പാലം പണി

ശ്രീ. രമേശ് ചെന്നിത്തല: സർ, ജല ഗതാഗതത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു വഴിയാണ് കൊല്ലം, ആലപ്പുഴ. ആ വഴിയിൽ, എന്റെ നിയോജകമണ്ഡലത്തിൽ, കായംകുളം കായലിന് കുറുകെ കൊച്ചിയുടെ ജെട്ടിയിൽ ഒരു പാലം പണിയണമെന്നുള്ള ആവശ്യം നിരന്തരമായി ഉന്നയിച്ചുവരികയാണ്. പഴയകാലത്ത് കൊച്ചിയിലേയ്ക്ക് കേവു വള്ളങ്ങൾ പോകുമ്പോൾ ഒരു പ്രധാന ഹാൾട്ടിങ്ങ് പോയിന്റായിരുന്നു ഈ ജെട്ടി. എന്നാൽ ഇന്ന് അവിടെ മണ്ണ് കയറി ബോട്ടുകൾ അടുക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത്. കാൽ ലക്ഷത്തോളം ജനങ്ങൾ താമസിക്കുന്നതും മൽസ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നതുമായ ആറാട്ടുപുഴ പഞ്ചായത്തിൽ ഒരു പാലം പണിയണമെന്നുള്ള ആവശ്യം വളരെ നാളായി ഉന്നയിക്കുന്നതാണ്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തിര നടപടികൾ സ്വീകരിക്കണം. അങ്ങ് എം. പി. ആയിരുന്ന അവസരത്തിൽ ഞങ്ങൾ ഈ ആഗ്രഹം പല പ്രാവശ്യം പ്രകടിപ്പിച്ചിട്ടുള്ളതാണ്. ഈ പാലം പണിയണമെന്നുള്ള ആവശ്യം ഞാൻ ഗവൺമെന്റിന്റെ മുമ്പിൽ വയ്ക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly